**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2094** **21-06-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയിലെ ജോലി സമ്മർദ്ദം മൂലമുള്ള ആത്മഹത്യ പ്രവണത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസ് സേനയിലെ ജോലി സമ്മർദം കാരണം ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കഴിഞ്ഞ കുറേക്കാലമായി ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഊർജ്ജ്വസ്വലരായ ചെറുപ്പക്കാരാണ് നമ്മുടെ സേനയിലേയ്ക്ക് കടന്നു വരുന്നത് . സാങ്കേതിക വിദ്യകളിൽ കഴിവും യോഗ്യതയുമുള്ള ധാരാളം വനിതകളും ഇക്കൂട്ടത്തിലുണ്ട്. ഇത്തരം സാങ്കേതിക യോഗ്യതകൾക്കു പുറമേ, സാമൂഹിക, മാനസിക പക്വത കൈവരിച്ചവരാണ് അധികവും . തികച്ചും പ്രൊഫഷണൽ രീതിയിൽ പെരുമാറുന്ന തരത്തിൽ പോലീസ് സംവിധാനത്തെ മാറ്റിയെടുക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത് . തുറന്ന മനസ്സോടെ സേനാംഗങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി എല്ലാ തുറകളിലുമുള്ളവരുമായി സഹകരിക്കുന്ന മികച്ച തൊഴിൽ അന്തരീക്ഷമാണ് സേനയ്ക്ക് ആവശ്യമായിട്ടുള്ളത്. അതിനുള്ള ശ്രമങ്ങൾ നിതാന്ത ജാഗ്രതയോടെ തുടരും . ജോലിസമ്മർദ്ദം കാരണം ആത്മഹത്യ ചെയ്തതായി പൂർത്തിയായ ഇത്തരം കേസന്വേഷണങ്ങളിൽ കണ്ടെത്തിയിട്ടില്ല. |
| (ബി) | പോലീസുക്കാരുടെ ആത്മഹത്യയും സ്വയം വിരമിക്കലും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഗവേഷണം നടത്തി പരിഹാരം കണ്ടെത്തുന്നതിനായി പോലിസ് അക്കാദമിയിൽ തുടങ്ങിയ പോലീസ് റിസർച്ച് സെന്ററിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (ബി) | സേനയിൽ ജോലി നോക്കിയിരുന്നതും ആത്മഹത്യ ചെയ്തിട്ടുള്ളതുമായ പോലീസുദ്യോഗസ്ഥരുടെ വിവരശേഖരണം കേരള പോലീസ് അക്കാദമി നടത്തിയിരുന്നു. പോലീസുദ്യോഗസ്ഥരുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട കാരണങ്ങളെ സംബന്ധിച്ച് ഒരു പൈലറ്റ് സ്റ്റഡി നടത്തുന്നതിനു വേണ്ടിയാണ് റിസേർച്ച് & പബ്ലിക്കേഷൻ വിങ്ങിന്റെ നേതൃത്വത്തിൽ വിവരശേഖരണം നടത്തിയിട്ടുള്ളത് .ആയത് സംബന്ധിച്ചുള്ള ഗവേഷണ നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |
| (സി) | ജോലി സമ്മർദം കാരണം ആത്മഹത്യ ചെയ്ത പോലീസുകാരുടെ കുടുംബത്തിന് സർക്കാർ എന്തൊക്കെ നഷ്ട പരിഹാരങ്ങൾ നൽകിവരുന്നുണ്ടെന്ന് അറിയിക്കാമോ? | (സി) | സർവീസിൽ ഇരിക്കെ മരണപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്ന എല്ലാ സർവീസ് ആനുകൂല്യങ്ങളും ആത്മഹത്യ ചെയ്ത ഉദ്യോഗസ്ഥന്റെ കുടുംബത്തിനും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ